**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2342** **12.03.2020-ൽ മറുപടിയ്ക്ക്**

**പട്ടികജാതിക്കാർക്കിടയിലെ സാംസ്കാരിക പ്രവർത്തനങ്ങൾ**

| | | | |
|---|---|---|---|
| **ചോദ്യം:** | | **മറുപടി:** | |
| **ശ്രീ.റ്റി.വി.രാജേഷ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതിക്കാർക്കിടയിൽ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | **1) നാടൻകലാമേള (ഗദ്ദിക)**<br><br>പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തനതു കലകളെ പരിപോഷിപ്പിക്കുന്നതിനും സംസ്ഥാനത്തുടനീളം പ്രദർശിപ്പിക്കുന്നതിനുമായി ഗദ്ദിക മേളകൾ സംഘടിപ്പിക്കുന്നു. 500 ഓളം കലാകാരൻമാരും പരമ്പരാഗത കൈത്തൊഴിലുകാരും മേളയിൽ പങ്കെടുത്തു വരുന്നു.<br>പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നീ വകുപ്പുകൾ സംയുക്തമായിട്ടാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. ഒരു വർഷം രണ്ടു സ്ഥലങ്ങളിലാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. 2019-20 വർഷം മാവേലിക്കര, കണ്ണൂർ എന്നീ സ്ഥലങ്ങളിലാണ് സംഘടിപ്പിച്ചത്.<br>**2) സർഗ്ഗോത്സവം**<br><br>സംസ്ഥാന സ്കൂൾ കലോൽസവം/സ്പെഷ്യൽ സ്കൂൾ കലോൽസവം എന്നിവയിൽ 'എ' ഗ്രേഡ് നേടിയ പട്ടികജാതിയിൽപ്പെട്ട കലാപ്രതിഭകൾക്ക് 10,000/- രൂപ പ്രോൽസാഹന സമ്മാനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**3) ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡ്**<br><br>പട്ടികവിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളെ സംബന്ധിക്കുന്ന ഏറ്റവും മികച്ച മാധ്യമ റിപ്പോർട്ടുകൾക്കും ഫീച്ചറുകൾക്കും ഡോ.ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ് നൽകുന്നു. |

അച്ചടി, ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ് നൽകുന്നത്. അച്ചടി മാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/-രൂപയും ഫലകവും, ദൃശ്യമാധ്യമങ്ങളിലെ റിപ്പോർട്ടിന് 30,000/- രൂപയും ഫലകവും, റേഡിയോ റിപ്പോർട്ടിന് 15,000/- രൂപയും ഫലകവുമാണ് അവാർഡായി നൽകുന്നത്. ഡോ.ബി.ആർ.അംബേദ്ക്കറുടെ പരിനിർവാണ ദിനമായ ഡിസംബർ-6 നാണ് അവാർഡ് വിതരണം ചെയ്യുന്നത്.

**4) <u>സാഹിത്യ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ധനസഹായം</u>**

പട്ടികജാതിക്കാരായ എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് (പുസ്തക രൂപത്തിൽ അച്ചടിക്കുന്നതിന്) 40,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു.

**5) <u>പടവുകൾ മാസിക</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ സർഗ്ഗ വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി "പടവുകൾ" ദ്വൈമാസിക വകുപ്പ് പ്രസിദ്ധീകരിച്ചു വരുന്നു.

**6) <u>സാഹിത്യ ശില്പശാല</u>**

പട്ടികജാതി പട്ടികവർഗ്ഗത്തിലും ഇതര വിഭാഗത്തിലും ഉൾപ്പെട്ട സാഹിത്യകാരൻമാരുടെ സാഹിത്യവാസന പരിപോഷിപ്പിക്കുന്നതിനായി വർഷംതോറും മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന സാഹിത്യ ശില്പശാല (റാന്തൽ) സംഘടിപ്പിക്കുന്നു. സാഹിത്യ സങ്കേതങ്ങൾ, രചനാരീതി, സാഹിത്യവിജ്ഞാനം എന്നീ മേഖലകളിൽ അവബോധം സൃഷ്ടിക്കുന്നതിനും അതുവഴി സൃഷ്ടികളുടെ ഗുണമേന്മ ഉയർത്തുന്നതിനുമാണ് റാന്തൽ ശില്പശാല ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**